## 14

# വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# എന്താണ് സ്നാനം?

ഈ പഠനത്തിന്റെ ലക്ഷ്യം എന്തെന്നാൽ വിശ്വാസികൾക്കിടയിൽ കാണുന്ന ഭിന്നതകൾ തെറ്റാണെന്നും, അതു ക്രിസ്തുമുഖാന്തരം വെളിപ്പെടുത്തിയ പിതാവിന്റെ ഇഷ്ടത്തിനു വിപരീതമാണെന്നും, ക്രിസ്തുവും അപ്പൊസ്തലന്മാരും പ്രാർത്ഥിച്ചതും പ്രവർത്തിച്ചതും ആ ഐക്യതക്കും വേണ്ടിയാണെന്നു ആത്മാർത്ഥതയുള്ളവരെ കാണിച്ചു ബോധ്യപ്പെടുത്തുകയാണ്. ക്രിസ്ത്യാനിയാകാൻവേണ്ടി - ക്രിസ്തുവിനെ പോലെ - ഓരോ ക്രിസ്ത്യാനിയും അതുകൊണ്ട് ഈ ഭിന്നതകളെ ഖണ്ഡിക്കുകയും താല്പര്യത്തോടെ സമാധാന ബന്ധത്താൽ ആത്മാവിന്റെ ഐക്യതക്കും പരിശ്രമിക്കണം. (നോക്കുക യോഹന്നാൻ 17:20, 21; പ്രവൃത്തികൾ 4:32; 1 കൊരിന്ത്യർ 1:10–13; എഫെസ്യർ 4:1–6.)

ഈ ഭിന്നതകൾക്കു കാരണം നാമധേയവിഭാഗമാണെന്നു ഭക്തിയും വിശ്വസ്തതയുമുള്ള ആളുകൾക്കു ബോധ്യമാകും. നാമധേയ വിഭാഗത്തിലാകുക എന്നാൽ അതിനെ പിന്താങ്ങുക എന്നർത്ഥം; ഒരാളുടെ ജീവിതം ബൈബിൾ ഉപദേശത്തിനു എതിരാക്കാതെ ആർക്കും നാമധേയവിഭാഗത്തിൽ അംഗമാകുവാൻ സാധ്യമല്ല. ഭിന്നതയുടെ ദുഷ്ടത വിശ്വാസികൾക്കിടയിൽ ഇല്ലാതാകണമെങ്കിൽ, എല്ലാ നാമധേയ വിഭാഗങ്ങളും ഭൂമിയിൽ നിന്നു തുടച്ചു മാറ്റപ്പെടണം.

ദൈവവചനത്തോട് കർശനമായി പറ്റിച്ചേരുന്നതിലൂടെ ഇ - ക്കാലത്തെ നാമധേയവിഭാഗത്തിന്റെ ഉപദേശങ്ങളിലെ എല്ലാ തത്വങ്ങളും തുടച്ചു മാറ്റുവാനും അവസാനിപ്പിക്കുവാനും സാധിക്കും. പരിശുദ്ധാത്മാവിനാൽ മാത്രം നയിക്കപ്പെട്ട ഒരാൾ തന്റെ മതപരമായ ജീവിതത്തിൽ, ക്രിസ്ത്യാനി മാത്രം ആയി, കർത്താവിന്റെ ശിഷ്യനായി, ദൈവപൈതലായി തീരും. നൂറുകണക്കിനു വർഷങ്ങളോളം - യേശുവിന്റെയും, അപ്പൊസ്തലന്മാരുടെയും, ദൈവശ്വാസിയരായ മറ്റു മനുഷ്യരുടെയും ജീവിത കാലയളവിൽ - ക്രിസ്തുവിലുള്ള ഒരു വിശ്വാസി പോലും മുകളിൽ പറഞ്ഞ നാമത്താലല്ലാതെ മറ്റൊരു നാമത്താലും അറിയപ്പെട്ടിരുന്നില്ല. പിന്നെ എവിടെ നിന്നാണ് നാമധേയ വിഭാഗങ്ങൾ ഉണ്ടായത്? ദൈവത്തിന്റെ വിശുദ്ധ ദാസന്മാർ ആളുകളെ ഏതു സഭയിലേക്കാണ് നയിച്ചിരുന്നത്? ദൈവശ്വാസിയതയുണ്ടായിരുന്നപ്പോൾ, ക്രിസ്ത്യാനികൾ ഏതു സഭയിലാണ് ജീവിച്ചത്, പ്രവർത്തിച്ചത്, ആരാ

ധിച്ചത്? അന്നു ഏതെങ്കിലും നാമധേയ സഭകൾ ഉണ്ടായിരുന്നതായി ആരും അവകാശപ്പെടുന്നില്ല. പുതിയ നിയമ ചരിത്രങ്ങൾ പ്രകാരം, അന്ന് ദൈവത്തിന്റെ സഭകളും ക്രിസ്തുവിന്റെ സഭകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതു തീർച്ചയാണ്. ഈ സഭകളിലേക്കു മാത്ര മാണ് പരിശുദ്ധാത്മാവു എഴുതിയത്. ഒരു നാമധേയ സഭയ്ക്കും ഒരൊറ്റ നിർദ്ദേശവും പുതിയ നിയമത്തിൽ ഒരിടത്തുമില്ല. തീർച്ചയായും, നിലവി ലില്ലാത്തതിനെ കുറിച്ച് പരിശുദ്ധാത്മാവ് എഴുതിയിരിക്കാൻ സാധ്യ തയില്ല. ഒരാൾക്ക് ഗവൺമെന്റിനും, അല്ലെങ്കിൽ മരപ്പണിക്കാരനും മേസന്റെ ലോഡ്ജിനും പുതിയ നിയമത്തിൽ നിർദ്ദേശം കാണാൻ സാധിക്കും അത് അവൻ ഏതെങ്കിലും നാമധേയസഭക്കു കൊടുക്കുന്ന നിർദ്ദേശങ്ങൾ കണ്ടെത്തുന്നതുപോലെ എളുപ്പമാണ്.

നിഷേധിക്കുവാൻ പറ്റാത്ത യുക്തിയാൽ, പുതിയ നിയമത്തിൽ കൊടുത്തിട്ടുള്ള പരിശുദ്ധാത്മാവിന്റെ ഉപദേശങ്ങൾ വിശ്വസ്തതയോടെ അനുസരിക്കുന്നവർ ക്രിസ്ത്യാനികൾ മാത്രമായിരിക്കും. അവരുടെ ഉപദേശങ്ങളിലും ജീവിതത്തിലും ബൈബിൾ സത്യം അനുസരിച്ചാൽ, അവർ മറ്റൊന്നിലും അംഗമാകാതെ ദൈവത്തിന്റെ സഭയിൽ തന്നെയാകും. ആർക്കും അതു നിഷേധിക്കാവുന്നതല്ല.

നാം ഒരുപോലെ “കാണുന്നു” എന്നു കാണിക്കാൻ വിശ്വസ്തമായ ഒരു പരിശ്രമം ഈ പാഠത്തിൽ നടത്തിയിട്ടുണ്ട്. ചുരുങ്ങിയതു, ഒന്നാം നൂറ്റാണ്ടിൽ ദൈവത്തിന്റെ തോട്ടത്തിൽ നട്ടു വളർന്നു പുഷ്പിച്ച മനോ ഹരമായ അതേ പുഷ്പം ഇരുപത്തി – ഒന്നാം നൂറ്റാണ്ടിലും യാതൊരു കുഴപ്പം കൂടാതെയും കോട്ടം കൂടാതെയും വളരുകയാണെങ്കിൽ നമുക്ക് അന്നത്തെ പോലെ കാണാം. ഈ നൂറ്റാണ്ടിൽ ജീവിക്കുന്ന വിശ്വാസികൾക്കും ഒന്നാം നൂറ്റാണ്ടിലെ – ശിഷ്യന്മാരെ പോലെ ഒരേ ഹൃദയവും ഒരേ ആത്മാവും ഉണ്ടായിരുന്നിരിക്കാം. പരിശുദ്ധാത്മാവ് വളരെ വ്യക്തമായി ഉപദേശിക്കുന്നതിനാൽ നാമധേയ വിഭാഗത്വത്തോടു സ്നേഹവും ഭക്തിയും പുലർത്തി രക്ഷിക്കുവാൻ ശ്രമിക്കുന്നതിന് ഒരു ഒഴികഴിവുമില്ല, കാരണം അവന്റെ വ്യക്തമായ വഴികാട്ടലിന്മേൽ അവർ ഭിന്നതയാണുണ്ടാക്കുന്നത്.

അപ്പൊസ്തലന്മാർ ശക്തിക്കുവേണ്ടി “കാത്തിരുന്ന” തിനുശേഷ മുള്ള അവരുടെ ആദ്യയോഗത്തെ പരിശോധിക്കുമ്പോൾ, ഉപദേശ ത്തിന്റെ രണ്ടുകാര്യങ്ങളിലാണ് സത്യസന്ധരായ ആളുകൾ വിഭജിക്ക പ്പെടുവാനിടയായതു എന്നു നാം കാണുന്നു. പത്രൊസിന്റെ ഭാഷ ശരി യായി പരിശോധിച്ചാൽ, എങ്ങനെയായാലും, ആദ്യത്തെ “പിരിയലിനു” ആത്മിയ കാരണങ്ങൾ ഒന്നുമില്ല എന്നു തെളിയിച്ചിരിക്കുന്നു. പത്രൊ സിന്റെ ഭാഷ സാധാരണവും വ്യക്തവുമായിരുന്നതു കൊണ്ടു ഭിന്നത യുടെ ദുഷ്ടത ഇല്ലാതാക്കുകയും ഒരൊറ്റ സത്യത്തെപോലും ബലി കഴിക്കാതെ ക്രിസ്തുവിൽ ആത്മാർത്ഥതയുള്ള എല്ലാവരേയും യോജി പ്പിക്കുന്നതാണ്. ലോകത്തിലെ പണ്ഡിതന്മാരുടെ മുഴുവൻ അഭിപ്രായം, ഈ നിസ്സാരമായ വ്യാഖ്യാനം ആണ് നല്ലതെന്നാണ്.[1] ഈ സമയത്ത്, ദൈവത്തിന്റെ ഉപദേശം ഒഴിച്ച് മറ്റെല്ലാം ക്രിസ്തുവിൽ ഐക്യത

സ്ഥാപിക്കാൻ വേണ്ടി ഉപേക്ഷിച്ച എത്ര പേരുണ്ട് എന്നു കാണാൻ കാത്തിരിക്കണം.

കഴിഞ്ഞ പാഠത്തിൽ നാം രണ്ടാമത്തെ "പിരിയൽ" പരിശോധിക്കുകയുണ്ടായി. ആ "പിരിയൽ" സ്നാനമെന്ന പ്രവൃത്തിയിന്മേലായിരുന്നു. ലോകത്തിൽ ക്രിസ്തുവിൽ വിശ്വാസമുള്ള നല്ലവരും ആത്മാർത്ഥതയുള്ളവരും ഉണ്ട്. ആ വിശ്വാസം മുഖാന്തരം, അവരിൽ ദൈവഹിതപ്രകാരമുള്ള ദുഃഖം ഉളവാകുന്നു; പിന്നെ, ഹൃദയം നുറുങ്ങി, അവർ പാപസംബന്ധമായ ജീവിതം നിരാകരിക്കുകയും (മാനസാന്തരം) നീതിയുള്ള ജീവിതം നയിക്കുവാൻ തീരുമാനിക്കുകയും ചെയ്യുന്നു. എങ്കിലും, തിരുവെഴുത്തിനെതിരായ ഉപദേശത്താൽ സ്നാനത്തിനു "തളിക്കലും," "കോരി ഒഴിക്കലും" സ്വീകരിക്കാൻ അവർ നിർബന്ധിതരായി. അങ്ങനെ നമ്മിൽ പലരും വിശ്വസിക്കുന്ന, കർത്താവിന്റെ കല്പനയായ സ്നാനം പൂർത്തിയാക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവരുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എന്റെ ഹൃദയപരമാർത്ഥത പോലെ ഞാൻ അവരേയും കാണുന്നു; എന്നാൽ അതുപോലെ സത്യസന്ധതയുള്ളവർ ജീവിച്ചിരുന്നു, പലരും തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട് എന്ന കാര്യം ഹൃദയപരമാർത്ഥതയുള്ളവർ, സത്യസന്ധരായവർ, സമ്മതിക്കണം. നാമെല്ലാം ഒന്നാകുവാൻ യേശു താല്പര്യത്തോടെ പ്രാർത്ഥിച്ചതിനാലും, സ്നാനം എന്ന വിഷയത്തിലുള്ള വിയോജിപ്പുമാറ്റാതെ നമുക്കു ഒന്നാകാൻ സാധ്യമല്ലാത്തതിനാലും, ആ വിഷയത്തിന്മേൽ ദൈവം പറഞ്ഞതെല്ലാം ശ്രദ്ധയോടെ, സത്യസന്ധമായി, നന്നായി പരിശോധിക്കുന്നത് നമുക്ക് ഉപകാരപ്രദമാണ്.

"ബാപ്റ്റൈസ്" എന്ന വാക്ക് നമ്മുടെ കർത്താവു ഉപയോഗിച്ച ഗ്രീക്ക് വാക്കിനെ ഇംഗ്ലീഷിലാക്കിയതാണ് എന്നു നാം കഴിഞ്ഞ പാഠത്തിൽ പഠിച്ചു. അതു ഗ്രീക്കു വാക്കിന്റെ തർജ്ജിമയല്ല, അതു വെറുതെ സ്ഥാനം മാറ്റിയതാണ്, രൂപത്തിലും ഉച്ചാരണത്തിലും ഇംഗ്ലീഷ് ആക്കാൻ വേണ്ടി ഒരു ഭാഷയിൽ നിന്നു മറ്റൊന്നിലേക്ക് ലളിതമായി അതിന്റെ രൂപം മാറ്റി എന്നു മാത്രം. ഇക്കാര്യത്തിൽ തർക്കമില്ല. ആ വസ്തുത ഗ്രീക്കു ഡിക്ഷ്ണറിയിലേക്ക് ഈ വാക്കിന്റെ അർത്ഥത്തിനുവേണ്ടി നമ്മെ കൊണ്ടു പോകുന്നു എന്നും നാം കണ്ടു. യേശു ആ വാക്ക് ഉപയോഗിച്ചപ്പോൾ യവനന്മാർ മനസ്സിലാക്കിയതു പോലെ ആ വാക്കിന്റെ ചിത്രം നാം കാണണം. യേശു അതിനു പുതിയ അർത്ഥം നല്കുന്നില്ലെങ്കിൽ, അതാണ് അതിന്റെ സ്വയ - തെളിവ്. ഇതു, ആരും അവകാശപ്പെടുന്നില്ല. ആരെങ്കിലും പരിശോധനയ്ക്ക് ശ്രമിച്ചാൽ രണ്ടുപേർ അതിന്റെ നിർവ്വചനങ്ങളിൽ യോജിക്കുന്നതുപോലെ എല്ലാ നല്ല നിലവാരത്തിലുള്ള ഗ്രീക്കു ഭാഷയുടെ നിഘണ്ടു കർത്താക്കളും ഈ വാക്കിന്റെ അർത്ഥത്തിൽ ഒന്നായിരിക്കും എന്നു സ്വയം സമാധാനപ്പെടേണ്ടിവരും. നിലവാരമുള്ള ഒരു ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കണും (ഡിക്ഷ്ണറി) ആ വാക്കിന്റെ അർത്ഥം "തളിക്കുക" അല്ലെങ്കിൽ "കോരി ഒഴിക്കുക" എന്നു നല്കിയിട്ടില്ല. ലിഡെലിന്റെയും സ്ക്കോട്ടിന്റെയും, ഒരു ലെക്സിക്കൺ പ്രസിദ്ധീകരണത്തിൽ, "പോർ

അപ്പോൺ" എന്ന അർത്ഥം ഒരിക്കൽ കൊടുത്തു; എന്നാൽ അവർ അതു നവീകരിച്ചപ്പോൾ, ആ അർത്ഥം മാറ്റി, അതെടുത്തു കളഞ്ഞു. അങ്ങനെ ചെയ്തതിനാൽ, അവരും, കൂടെ, സാക്ഷീകരിക്കുന്നു നമുക്കറി യാവുന്നേടത്തോളം, ഒരു ഗ്രീക്ക് എഴുത്തുകാരനും ആ വാക്കിന്റെ അർത്ഥം "പോർ അപ്പോൺ" എന്നു ഉപയോഗിച്ചിട്ടില്ല. നമ്മുടെ യജമാനൻ സ്നാനം ഏൽക്കാൻ കല്പിച്ചപ്പോൾ ഉപയോഗിച്ചതായ ഗ്രീക്ക് വാക്കിനു ''തളിക്കുക'' അല്ലെങ്കിൽ "ഒഴിക്കുക" എന്ന അർത്ഥം ഒരു പണ്ഡിതനും നല്കിയിട്ടില്ല എന്നു പറയുന്നതാകും സുരക്ഷിതം.

പണ്ഡിതന്മാർക്ക് ഏതെങ്കിലും വാക്കുകളുടെ അർത്ഥത്തിൽ യോജിക്കുവാൻ കഴിയുമെങ്കിൽ, അതു നമ്മുടെ രക്ഷകൻ ഉപയോഗിച്ച വാക്കായ *ബാപ്റ്റിസോ* ("ബാപ്റ്റൈസ്"), എന്ന വാക്കിന്റെ അർത്ഥ മാണ്. പണ്ഡിത പക്ഷമനുസരിച്ചു, ഹോമറുടെ കാലം മുതൽ തുടർന്നും വാക്കിന് മാറ്റമില്ലാതെ ഒരർത്ഥമേയുള്ളു. ''മുക്കുക, മുങ്ങുക, നിമജ്ജനം ചെയ്യുക, നിറഞ്ഞു കവിയുക, വെള്ളത്തിൽ ആഴ്ത്തുക, കഴുകുക" എന്നാണ് ലോകത്തിലെ പണ്ഡിതവർഗ്ഗം കൊടുത്തിട്ടുള്ള അർത്ഥം.

ഒരു ഗ്രീക്ക് വാക്കെന്ന നിലയിൽ, *ബാപ്റ്റിസോ* എന്ന അർത്ഥത്തിനു പുറമെ, അതിന്റെ ഇംഗ്ലീഷ് വാക്ക്, "ബാപ്റ്റൈസ്," എന്നതിന് ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കണിൽ ഒരു ഗ്രീക്കു വാക്കിന് കൊടുത്തിരിക്കുന്നതു പോലെയുള്ള അർത്ഥം തന്നെ ഇംഗ്ലീഷ് എഴുത്തുകാർ കൊടുത്തിരിക്കുന്നു. ഒരു നിമിഷം നമുക്ക് അതിന്റെ മതപരമായ എഴുത്തുകൾക്കപ്പുറമായി, തികച്ചും ഇംഗ്ലീഷ് കാഴ്ച്ചപ്പാടിൽ നിന്നു നോക്കി, ''ഐഹികമായ'' ഇംഗ്ലീഷിന്റെ അർത്ഥം എടുക്കാം. ആ വിധത്തിൽ, അതിന്റെ അർത്ഥം "വെള്ളത്തിൽ ആഴ്ത്തൽ, നിറഞ്ഞു കവിയൽ, നിമജ്ജനം ചെയ്യുക, മുങ്ങുക" അല്ലെങ്കിൽ തത്തുല്യമായ മറ്റൊരർത്ഥം കാണാൻ കഴിയും. ഒരു ഐഹിക എഴുത്തിലും "ബാപ്റ്റൈസ്" എന്നതിന്റെ അർത്ഥം "തളിക്കുക" എന്നോ "കോരി ഒഴിക്കുക" എന്നതിനു സമാനമായി കാണുവാൻ കഴിയുകയില്ല. അതായതു, നിലവാരമുള്ള ഒരു ഇംഗ്ലീഷ് എഴുത്തുകാരനും, ഇതുവരെ ''ബാപ്റ്റൈസ്'' എന്നതിന്റെ അർത്ഥം, മുങ്ങൽ, നിമജ്ജനം, നിറഞ്ഞുകവിയൽ, അല്ലെങ്കിൽ ആഴ്ത്തൽ എന്നല്ലാതെ മറ്റൊർത്ഥം കൊടുത്തിട്ടില്ല. സ്നാനപ്പെടുക എന്നതിൽ, ഉപയോഗിക്കുന്ന മൂലകം മുഴുവനും മുങ്ങണം. ഇംഗ്ലീഷ് എഴുത്തുകളിൽ "ബാപ്റ്റൈസ്ഡ് ഇൻ ഡെബ്റ്റ്," "ബാപ്റ്റൈസ്ഡ് വിത്ത് വർക്ക്," "ബാപ്റ്റൈസ്ഡ് വിത്ത് ക്വസ്റ്റ്യൻസ്,'' ''ബാപ്റ്റൈസ്ഡ് ഇൻ സഫറിങ്ങ്,'' തുടങ്ങിയ പ്രയോഗങ്ങൾ ഉപയോഗിക്കുന്നതു അസാധാരണമല്ല. ഈ ഉപയോഗങ്ങളിൽ പറഞ്ഞിട്ടുള്ള മൂലകങ്ങൾ അധികവും ഉപയോഗിച്ചിരിക്കുന്നതു സൂചിപ്പിച്ചിട്ടുണ്ട്; സ്നാനം ഏല്ക്കുന്ന ആൾ അതിൽ നിറഞ്ഞു കവിയുന്നു, വെള്ളത്തിൽ ആഴ്ത്തപ്പെടുന്നു, അതിൽ, അല്ലെങ്കിൽ അതിനാൽ എന്നർത്ഥം. അതിനു മറ്റൊരു ആശയം ആരും

കൊടുക്കുകയില്ല.

ഈ ചർച്ചയിൽ സഹായിക്കുന്നതിനു, ഈ വാക്കിന്റെ ഇംഗ്ലീഷിലെ അർത്ഥം ചിത്രീകരിക്കുന്ന അധികവും പറയപ്പെടുന്നതു, കർത്താവു എന്റെ കയ്യിൽ തന്നിരിക്കയാണെന്നു തോന്നുന്നു. *പിക്റ്റോറിയൽ റെവ്യു* എന്ന ലക്കത്തിൽ വന്ന ഒരു ലേഖനത്തിലെ അത് നന്നായി – ഉപയോഗിച്ച് എഴുതപ്പെട്ടതാണ്. ആ ലേഖനം "ദ ലവ് ലെറ്റേഴ്സ് ഓഫ് എ കോൺഫെഡറേറ്റ് ജെനറൽ" എന്നതിന്റെ അവസാന ഭാഗമായി രുന്നു. ആ ശ്രദ്ധേയമായ എഴുത്തുകളുടെ അവസാനം, ജെനറൽ ജോർജ് ഇ. പിക്കെറ്റ്, എഴുതി,

> അത് അവസാനിച്ചു - കഷ്ടതയും, ഭീകരത്വവും, അവസാന യുദ്ധത്തിന്റെ വേദനയും, വില്യംസ്ബർഗിലെ, യോർക്ക് ടൗണിൽ, ബുൾറൺ എന്ന സ്ഥലത്ത് പുരുഷാരം, *ബാപ്റ്റൈസ്ഡ് ഇൻ ബാറ്റിൽ*, അവിടെ നിന്നാണ്, മെക്ലെന്റെ സൈന്യം മുഴുവൻ വിൽകോക്സിലെ ബ്രിഗാഡയിലെ അലബാമയിൽ സൈന്യത്തിനു മുൻപോട്ടു ചലിക്കാനാവാതെ പിൻവാങ്ങി ഓടി, അതു ഗെയിനെസിന്റെ മിൽ, ഫ്രേസിയേഴ്സ് ഫാം, സെക്കന്റ് മനാസാസ്, ബൂൺസ്ബോറോ, ഷാർപ്സ്ബർഗ്, ഗെറ്റിസ്ബർഗ്, ബർമുടാ ഹൺഡ്രെട്ന്റെ മുൻ കൂടെയും, ഫോർട്ട് ഹാരിസൺ, ഫൈവ് ഫോർക്സ് ആന്റ് സെയിലേഴ്സ് ഗ്രിക്ക് എന്നിവയെല്ലാം കടന്നു ഓടി (എംഫസിസ് ആഡെഡ്).

ആയിരക്കണക്കിനു വായനക്കാർ ആ ലേഖനം വായിക്കുകയും, ഓരോ വായനക്കാരനും തീർച്ചയായും "ബാപ്റ്റൈസ്ഡ് ഇൻ ബാറ്റിൽ" എന്നതു ഒരുപോലെ മനസ്സിലാക്കുകയും ചെയ്തു. ഈ സിവിൽ വാറിൽ ഏർപ്പെട്ട എല്ലാ സൈന്യവും യുദ്ധത്തിൽ, യുദ്ധത്താൽ നിറഞ്ഞു കവിഞ്ഞു എന്നാണ്, എന്ന് അവർ മനസ്സിലാക്കി. ആ സ്ഥലങ്ങളിലെല്ലാം നടന്നത് "ബാപ്റ്റൈസ്ഡ് ഇൻ ബാറ്റിൽ" എന്നു പറഞ്ഞതുകൊണ്ടു ചെറിയ ശണ്ഠയല്ല എന്നു ഓരോ വായനക്കാരനും തിരിച്ചറിഞ്ഞു. കർത്താവിന്റെ കല്പനകളെ സംബന്ധിച്ച് ഒരാളുടെ മതവിശ്വാസം കണക്കാക്കാതെ ഓരോ വായനക്കാരനും ഞാൻ ചെയ്യുന്നതുപോലെ കൃത്യമായി മനസ്സിലാക്കും. നിലവാരമുള്ള ഓരോ എഴുത്തുകാരന്റേയും ഇതുപോലെയുള്ള പ്രയോഗങ്ങൾ ഞാൻ മനസ്സിലാക്കുന്നതുപോലെ കൃത്യമായി മനസ്സിലാക്കും. എഴുത്തുകാരൻ എല്ലായ്പ്പോഴും വ്യക്തമാക്കുന്നതു അതിൽ ഉള്ള മൂലകം അധികവും, അതിൽ മുക്കുകയും ആഴ്ത്തുകയുമാണെന്നാണ്. എല്ലാ ഇംഗ്ലീഷ് വായനക്കാരും, നമ്മുടെ കർത്താവിന്റെ ഉപദേശം ഒഴിച്ചു, എല്ലാം ഒരുപോലെ മനസ്സിലാക്കും. അവന്റെ വിശുദ്ധ ഉപദേശങ്ങളിലേക്കു വരുമ്പോൾ, നാം നാമധേയ വിഭാഗ കണ്ണാടിയിൽ കൂടെ നോക്കുന്നതു കൊണ്ട് "ബാപ്റ്റൈസ്" എന്ന വാക്കിൽ മറ്റൊരു ഇംഗ്ലീഷ് പുസ്തകത്തിലും കാണാത്ത അർത്ഥം കാണും. മറ്റൊരിടത്തും ഇല്ലാതെ, പുതിയ

അർത്ഥം നാം കൊടുക്കും. അതു ശരിയാണോ? ഇംഗ്ലീഷ് - സംസാരിക്കുന്ന ജനതയുടെ ഇത്തരം പ്രവണത ദൈവം ക്ഷമിക്കുമോ?

---

കുറിപ്പ്

[1]അവലോകനം നടത്തേണ്ടതായ പാഠങ്ങൾ "വിഭാഗരഹിത ക്രിസ്ത്യാനിത്വം - സ്നാനശേഷം രക്ഷിക്കപ്പെട്ടു" എന്നതും "വിഭാഗരഹിത ക്രിസ്ത്യാനിത്വം - പാപങ്ങളുടെ മോചനം," എന്നതും ഈ പുസ്തകത്തിൽ ആദ്യം നാം കണ്ടു. പത്രൊസ് പറഞ്ഞത് പശ്ചാത്തപിച്ച വിശ്വാസികൾ പാപങ്ങളുടെ മോചനത്തിന് ''ആയി" (*എയിസ്*) സ്നാനമേല്ക്കുവാനാണ്, അതു സൂചിപ്പിക്കുന്നത് അനുസരിക്കുന്ന വിശ്വാസിക്ക് സ്നാനശേഷമാണ് പാപക്ഷമാപണം ലഭിക്കുന്നത് എന്നത്രേ.

© 2009 Truth for Today